പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3927

21. 06. 2019 ൽ മറുപടിക്ക്

## വൈദ്യുതിബോർഡിൽ കേന്ദ്ര അതോറിറ്റി നിശ്ചയിച്ച അധിക യോഗ്യത

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതിബോർഡിൽ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്രവൈദ്യുതി അതോറിറ്റി നിശ്ചയിച്ച പ്രകാരമുള്ള യോഗ്യതകൾ ബാധകമാക്കുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കേന്ദ്ര വൈദ്യുതി അതോറിറ്റി നിശ്ചയിച്ച പ്രകാരമുള്ള യോഗ്യതകളും മറ്റ് മാനദണ്ഡങ്ങളും കെ.എസ്.ഇ.ബി.എൽ-ൽ നടപ്പിലാക്കുന്നത് പഠിക്കുവാൻ ബോർഡ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം)-l കൺവീനർ ആയിട്ടുള്ള പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനുശേഷം, കേന്ദ്ര വൈദ്യുതി അതോറിറ്റി 6, 7 റെഗുലേഷനുകൾക്ക് അനുസൃതമായിട്ടുള്ള പുതിയ നിയമന-സ്ഥാനക്കയറ്റ പരിശീലന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശുപാർശാ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ ഫലപ്രദമായി കെ.എസ്.ഇ.ബി.എൽ-ൽ നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തുന്നതിനായി മറ്റൊരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയും ഇതിനകം പ്രാഥമിക റിപ്പോർട്ട് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.<br><br>വൈദ്യുതി വകുപ്പുമന്ത്രി ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ-ലെ വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് കെ.എസ്.ഇ.ബി.എൽ-ലെ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റി നിബന്ധനകൾ ബാധകമാക്കേണ്ടതില്ലെന്നും എന്നാൽ പുതിയ നിയമനങ്ങൾ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ പ്രകാരമായിരിക്കണമെന്നും ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ.നമ്പർ (അച്ചടി) നം.1/2019/ഊ.വ 13.02.2019 പ്രകാരം തീരുമാനിച്ചു. (ബോർഡ് ഓർഡർ നമ്പർ ബി.ഒ (എഫ്.റ്റി.ഡി) നമ്പർ 219/2019/എസ്റ്റാ-II. 6781/2018/ 07.03.2019.<br>എന്നാൽ ടി ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിലെ (WPC 6410/2019) ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. |

| | |
|---|---|
| | എന്നാൽ നിർദ്ദിഷ്ട യോഗ്യത ഇല്ലാത്ത ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുവാനുള്ള സത്വര നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചുവരികയാണ്. |
| (ബി) വൈദ്യുതി മേഖലയിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി സൂപ്പർവൈസറി തസ്തികയിലുള്ളവർക്ക് കേന്ദ്ര അതോറിറ്റി നിശ്ചയിച്ച പ്രകാരമുള്ള അധിക യോഗ്യത ബാധകമാക്കുന്നില്ലെങ്കിൽ പകരം സുരക്ഷാപരിശീലനങ്ങൾ നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2010-ലെ സുരക്ഷ മാനദണ്ഡങ്ങളിൽ റെഗുലേഷൻ 6 & 7 നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ബോർഡ് ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും, ഈ കമ്മിറ്റി ട്രയിനിംഗ്, പ്രമോഷനും പുതിയ നിയമനവും സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കാനും ചുമതലപ്പെടുത്തി. ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ട്രയിനിംഗ് മെറ്റീരിയൽ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെയും സംസ്ഥാന ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിന്റെയും ഉപദേശവുംകൂടി കണക്കിലെടുത്ത് നിജപ്പെടുത്തുന്നതാണ്. ഇത് കൂടാതെ സംസ്ഥാന ഗവൺമെന്റിനെ സമീപിച്ച് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ മാനദണ്ഡങ്ങൾ തത്തുല്യമായ യോഗ്യത ട്രയിനിംഗ് മുഖാന്തരം ജീവനക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കാനും തീരുമാനിക്കുകയുണ്ടായി.<br><br>വൈദ്യുതി മേഖലയിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി സൂപ്പർവൈസറി തസ്തികയിലുള്ളവർക്ക് സ്ഥിരമായി സുരക്ഷാകാര്യങ്ങളുൾപ്പെടെ പരിശീലനം നൽകിവരുന്നു. കൂടാതെ കേന്ദ്ര വൈദ്യുതി അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യത ഇല്ലാതെ സൂപ്പർ വൈസറി തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് കേന്ദ്ര വൈദ്യുത അതോറിറ്റി നിഷ്കർഷിക്കുന്ന തരത്തിലുള്ള പരിശീലനം നൽകുവാനും അവർ ഡിഗ്രി/ഡിപ്ലോമ കരസ്ഥമാക്കുന്ന മുറയ്ക്ക് അവർക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റി അനുശാസിക്കുന്ന സർട്ടിഫിക്കേഷൻ നൽകുവാനും കെ.എസ്.ഇ.ബി.-എൽ ഉത്തരവിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ